പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5154

30.06.2014-ൽ മറുപടിക്ക്.

## അഗ്നിശമനസേനയുടെ ഘടനയും രൂപകൽപ്പനയും പരിഷ്ക്കരിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഗ്നിശമന സേനയുടെ ഘടനയും രൂപകൽപ്പനയും പരിഷ്ക്കരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ ഘടനയും രൂപകല്പനയും പരിഷ്ക്കരിക്കുന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജി.ഒ (ആർ.ടി) നമ്പർ 2279/13/ജി.എ.ഡി, തീയതി 21.03.2013 പ്രകാരം നിയോഗിച്ച ശ്രീ. കെ.എസ്. ജംഗ്പാംഗി, ഐ.പി.എസ് അദ്ധ്യക്ഷനായ ഏകാംഗ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനെ നവീകരിക്കുകയെന്നതാണ് ലക്ഷ്യം |
| (സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) മറ്റ് ഏജൻസികളൊന്നും ഇതുമായി സഹകരിക്കുന്നില്ല. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) അഗ്നിശമന സേനാ സംവിധാനത്തിന്റെ ഘടനയും രൂപകല്പനയും പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ജി.ഒ (എം.എസ്) നമ്പർ 49/13/ആഭ്യന്തരം, തീയതി 22.02.2013 പ്രകാരം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (ഭരണം) തസ്തിക ഡയറക്ടർ (ഭരണം) തസ്തികയായി ഉയർത്തിയും ജി.ഒ (എം.എസ്) നമ്പർ 1/14/ആഭ്യന്തരം, തീയതി 03.01.2014 പ്രകാരം ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ ജില്ലാ ഓഫീസുകൾ രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ വിതുര, കൊടുങ്ങല്ലൂർ, പട്ടിമറ്റം, പീരുമേട്, പത്തനാപുരം എന്നിങ്ങനെ 5 സ്ഥലങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനാവശ്യമായ ഭരണാനുമതി ജി.ഒ (എം.എസ്) നമ്പർ 40/14/ആഭ്യന്തരം, തീയതി 26.02.2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ വിതുര, കൊടുങ്ങല്ലൂർ, പീരുമേട് എന്നിവിടങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

Vbeena

സെക്ഷൻ ഓഫീസർ